ESTD:1976

കാരവൽ

1195 കർക്കിടകം 22, 1441 ദുൽഹജ്ജ് 16, 2020 ആഗസ്റ്റ് 6 വ്യാഴം

നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയണം

വിവാദമായ സ്വർണ്ണക്കടത്ത് രാജ്യസുരക്ഷയ്ക്കു വരെ ഭീഷണി ഉയർത്തിയിരിക്കുന്നു. വ്യവസ്ഥിതിക്കും സുരക്ഷിതത്വത്തിനുമെതിരെയുള്ള ഇത്തരം ഭീഷണികൾ നാട്ടുമ്പുറങ്ങളിലും സാർവ്വത്രികമാവുന്നു.

കാസർകോട് ജില്ലയിലെ ബദിയഡുക്ക പഞ്ചായത്തിലാണ് നിയമവ്യവസ്ഥകളെ വെല്ലുവിളിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ നിർബാധം നടക്കുന്നത്. അതാകട്ടെ, സർക്കാർ സംവിധാനമായ അക്ഷയ കേന്ദ്രീകരിച്ചും. അക്ഷയകേന്ദ്രത്തിന്റെ ആവിർഭാവത്തെ തുടർന്ന് അക്കാലത്തു തന്നെ ഈ പഞ്ചായത്തിലെ ബദിയഡുക്കയിൽ അക്ഷയ കേന്ദ്രം അനുവദിച്ചു കിട്ടിയ ആൾ പിന്നീടതു വിട്ടൊഴിഞ്ഞു. അതിനെത്തുടർന്നു പഞ്ചായത്ത് പുതുതായി അക്ഷയകേന്ദ്രം തുടങ്ങുന്നതിന് അർഹരായവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. തുടർന്നു നടത്തിയ അഭിമുഖത്തിൽ ഒന്നാം സ്ഥാനം നേടിയ ആൾക്ക് കേന്ദ്രം അനുവദിച്ചുകൊടുക്കാൻ അധികൃതർ താൽപ്പര്യമെടുത്തില്ല. അതിനിടയിൽ മാന്യയിൽ അനുവദിച്ച അക്ഷയകേന്ദ്രത്തിന്റെ ബ്രാഞ്ച് ബദിയഡുക്കയിൽ ആരംഭിച്ചു. പഞ്ചായത്ത് ഭരണ തലത്തിൽ സ്വാധീനമുണ്ടായിരുന്ന ചിലർ ഇതിനിടയിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലുള്ള വാടക മുറിയിൽ അക്ഷയകേന്ദ്രം പോലെ കമ്പ്യൂട്ടർ സെന്റർ ആരംഭിച്ചു. അതുകണ്ട അതേ പാർട്ടിക്കാരായ മറ്റൊരാളും ബിനാമിപ്പേരിൽ കമ്പ്യൂട്ടർ സെന്റർ എന്ന പേരിൽ അക്ഷയ കേന്ദ്രം പ്രവർത്തനങ്ങൾ ആരംഭിച്ചു. ആ സ്ഥാപനത്തിന്റെ നടത്തിപ്പ് പിന്നീട് ലോക തരികിടയായ മറ്റൊരാളിന്റെ ചുമതലയിൽ നടന്നു.

തുടർന്നു കൈയൂക്കുള്ളവരെല്ലാം ചേർന്നു ബദിയഡുക്ക ടൗണിൽ മാത്രം കമ്പ്യൂട്ടർ സെന്ററുകൾ എന്ന പേരിൽ അക്ഷയയുടെ പ്രവർത്തനങ്ങൾ നടത്തുന്ന എട്ടു സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നു.

ബദിയഡുക്കയിൽ അക്ഷയ കേന്ദ്രം നടത്താൻ തെരഞ്ഞെടുക്കപ്പെടുകയും പിന്നീട് അനുമതി നൽകാതിരിക്കുകയും ചെയ്തതിനെത്തുടർന്ന് ഹൈക്കോടതിയെ വരെ സമീപിച്ച ആൾക്കു നീതി ഇന്നും അകലെ നിൽക്കുന്നു. കോടതിക്കുപോലും ഇതിൽ തെറ്റു നടന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ ആരാണ് തെറ്റു ചെയ്തതെന്നു തിരിച്ചറിയാൻ, നടപടിയെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ എവിടെയാണ് നീതി പ്രതീക്ഷിക്കാനാവുക.

അക്ഷയ കേന്ദ്രങ്ങളിൽ സർക്കാർ ഓഫീസുകളുമായി ബന്ധപ്പെട്ട ഇടപാടുകളും അപേക്ഷകളും ഓഫീസുകളിൽ നിന്ന് അപേക്ഷയിലെടുത്ത തീരുമാനങ്ങളും സർട്ടിഫിക്കറ്റുകളുമൊക്കെയാണ് ലഭിക്കുന്നത്. ഇതിനുള്ള സൈറ്റിൽ പ്രവേശിക്കാൻ അതിന്റെ പാസ്വേഡ് അറിഞ്ഞിരിക്കണം. സർക്കാരിന്റെ ഉത്തരവാദിത്വമുള്ള ഒരു രഹസ്യ വിവരം നൽകുന്നതിനു തെരഞ്ഞെടുക്കപ്പെടുന്ന ആൾ വിശ്വസ്തനും സത്യസന്ധനുമായിരിക്കണമെന്നാണ് സങ്കൽപ്പം.

അക്ഷയ കേന്ദ്രത്തിലെ സർക്കാർ ഓഫീസുകളുമായുള്ള ലിങ്കിൽ ഇ.ഡിസ്ട്രിക്ട് എന്ന വിഭാഗത്തിൽ കയറാൻ പ്രത്യേക പാസ്വേഡ് വേണം. അത് അക്ഷയ പ്രവർത്തകർക്കു മാത്രമെ നൽകൂ. അതവർ രഹസ്യമായി സൂക്ഷിക്കുകയും വേണം. എന്നാൽ ബദിയഡുക്കയിൽ നടത്തുന്ന സമാന്തര അക്ഷയകൾ ഇ.ഡിസ്ട്രിക്ട് സേവനങ്ങളും അവർ ചെയ്യുന്നുണ്ടെന്ന് പരസ്യമായി ബോഡ് വച്ചു പ്രദർശിപ്പിക്കുന്നു. എന്നിട്ടും നടപടികളില്ല.

സർക്കാർ സൈറ്റിൽ കയറുന്ന ഒരാൾ സത്യസന്ധനല്ലെങ്കിൽ അയാൾക്ക് എന്തു തിരിമറിയും അതിൽ നടത്താൻ കഴിയും. അങ്ങനെ സംഭവിക്കില്ലെന്നു വിശ്വസിക്കണം. സംഭവിച്ചാൽ അതിന്റെ കെടുതി നിരപരാധികളായ നാട്ടുകാർ അനുഭവിക്കേണ്ടി വരുന്നു. മാത്രമല്ല, സർക്കാർ സംവിധാനത്തിലുള്ള വിശ്വാസ്യത തകരുന്നു.

ഇത്തരം അപകടകരമായ സ്ഥിതി ആർക്കും എന്തുമാവാമെന്നതിന്റെ മൂർധന്യത്തിലെത്തിക്കൊണ്ടിരിക്കുകയാണ്. നടപടിയെടുക്കേണ്ടവർ ഇതൊന്നും തങ്ങൾക്കു ബാധകമല്ലെന്ന മട്ടിൽ ഒട്ടകപക്ഷികളായി മാറുന്നു.

ഒന്നുകിൽ നീതി ഉറപ്പാവണം. അതു കഴിയില്ലെങ്കിൽ അനീതിയിലേക്കല്ലേ സമൂഹത്തിനു ചെന്നെത്താൻ കഴിയൂ.

ക്വിസ് മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു

സൗദിയിൽ നടന്ന ക്വിസ് മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുന്നു

ആലംപാടി: സൗദി ആലംപാടി ജമാഅത്ത് കമ്മിറ്റി റമളാൻ മാസത്തിൽ സൗദിയിലുള്ള ആലംപാടിക്കാരെയും നാട്ടിലുള്ള കുടുംബക്കാരെയും ഉൾപ്പെടുത്തി നടത്തിയ ക്വിസ്സ് മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഒന്നാം സ്ഥാനം കരസ്ഥമാക്കിയ നവാഫ് കാസിക്ക് സമ്മാനത്തുകയായ പത്തായിരം രൂപ ക്വിസ്സ് മാസ്റ്റർ കാദർ നൽകി. മത്സരത്തിൽ രണ്ടും,മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ ഹാരിസ്, അസ്സു കണ്ടത്തിൽ എന്നിവർക്ക് കാസി മുഹമ്മദ് സമ്മാനങ്ങൾ വിതരണം ചെയ്തു.

മത്സരത്തിൽ പങ്കെടുത്തവർക്കും,ക്വിസ് മത്സരം നിയന്ത്രിച്ച കാദർ, അബ്ദുല്ല ഹിറ്റാച്ചി,ജമാൽ എന്നിവർക്കുമുള്ള ഫത്ഹുൽ മുഈൻ കിതാബുകൾ വിതരണം ചെയ്തു. ബക്കർ മിഹ്റാജ്, ജമാൽ, പി.എം കാദർ, എസ്.അബ്ദുൽ റഹ്മാൻ സംബന്ധിച്ചു.

സിനിമ

ജയറാമിന്റെ രൂപമാറ്റവും അഭിനയവും ആശ്ചര്യപ്പെടുത്തി; 'നമോ'യ്ക്ക് ആശംസകളുമായി ചിരഞ്ജീവി



ജയറാമിന്റെ ആദ്യ സംസ്കൃത സിനിമ നമോ യുടെ ട്രെയ്ലർ പുറത്തുവിട്ട് തെലുങ്ക് മെഗാസ്റ്റാർ ചിരഞ്ജീവി. സിനിമയ്ക്കായി ജയറാമിന്റെ രൂപമാറ്റവും അദ്ദേഹത്തിന്റെ ആത്മാർത്ഥമായ അഭിനയവും ആശ്ചര്യപ്പെടുത്തി എന്നാണ് ട്രെയ്ലർ റിലീസ് ചെയ്ത് ചിരഞ്ജീവി ട്വിറ്ററിൽ കുറിച്ചത്.

കുചേലന്റെയും കൃഷ്ണന്റെയും സൗഹൃദത്തെ കുറിച്ച് പറയുന്ന ചിത്രത്തിൽ കുചേലനായാണ് ജയറാം വേഷമിടുന്നത്. മൊട്ടയടിച്ച് ശരീര ഭാരം 20 കിലോയോളം കുറച്ചാണ് കഥാപാത്രത്തിന് വേണ്ടി ജയറാം രൂപ ഭാവം മാറ്റിയിരിക്കുന്നത്. ആറ് ദേശിയ അവാർഡുകൾ കരസ്ഥമാക്കിയിട്ടുള്ള ബി.ലെനിനാണ് ചിത്രത്തിന്റെ എഡിറ്റർ. 101 മിനിറ്റാണ് സിനിമയുടെ ദൈർഘ്യം. മമ നയാൻ, സർക്കർ ദേശായി, മൈഥിലി ജാവേദ്കർ, രാജ് തുടങ്ങിയവരാണ് ചിത്രത്തിലെ മറ്റു പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. നിർമ്മാണം അനശ്വര ചാരിറ്റബിൾ ട്രസ്റ്റ്, കഥ, സംവിധാനം വിജീഷ് മണി തിരക്കഥ യു പ്രസന്നകുമാർ, ക്യാമറ എസ് ലോകനാഥൻ,പി. ആർ.ഒ ആതിര ദിൽജിത്ത്,ബി. ലെനിൻ ആണ് എഡിറ്റിംഗ്.

ദുൽഖർ പാടി, മണിയറയിലെ അശോകനിലെ ഗാനം പുറത്ത്

ദുൽഖർ സൽമാൻ നിർമാതാവാകുന്ന മണിയറയിലെ അശോകനിലെ ദുൽഖറും ഗ്രിഗറിയും ചേർന്നാലപിച്ച ഉണ്ണിമായ എന്ന ഗാനം പുറത്തിറങ്ങി. നവാഗതനായ ഷംസു സായ്ബാ സംവിധാനം നിർവഹിക്കുന്ന ചിത്രത്തിൽ ഗ്രിഗറിയും അനുപമ പരമേശ്വരനുമാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ഗാനം സാമൂഹ്യമാധ്യമങ്ങളിൽ സൂപ്പർ ഹിറ്റാണ്.

സിനിമയുടെ പ്രധാന മേഖലകളെല്ലാം കൈകാര്യം ചെയ്യുന്നത് പുതുമുഖങ്ങളാണ് എന്നതാണ് പ്രത്യേകത. മഗേഷ് ബോജിയുടെ കഥയെ ആസ്പദമാക്കി വിനീത് കൃഷ്ണൻ ആണ് തിരക്കഥ നിർവഹിച്ചിരിക്കുന്നത് ക്യാമറ കൈകാര്യം ചെയ്തിരിക്കുന്ന സജാദ് കാക്കുവും സംഗീത സംവിധായകൻ ശ്രീഹരി കെ.നായർ തുടങ്ങിയവരും പുതുമുഖങ്ങളാണ്.

പട്ടികളെ നായകരാക്കി 'വാലാട്ടി'യുമായി വിജയ് ബാബു

വിജയ് ബാബുവിന്റെ ഫ്രൈഡേ ഫിലിം ഹൗസ് നിർമിക്കുന്ന പതിനഞ്ചാമത് ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തുവിട്ടു. വാലാട്ടി എന്ന് പേരിട്ടിരിക്കുന്ന ചിത്രം സംവിധാനം ചെയ്യുന്നത് നവാഗതനായ ദേവൻ ആണ്. നാല് പട്ടികളാണ് ചിത്രത്തിൽ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ടോമി, അമലു, കരിദാസ്, ബ്രൂണോ എന്നീ നാല് കഥാപാത്രങ്ങളെയാണ് പട്ടികൾ അവതരിപ്പിക്കുന്നത്.

വി എഫ് എക്സിന്റെ സഹായം ഒന്നുമില്ലാതെ യഥാർത്ഥ പട്ടികൾ തന്നെയാണ് ചിത്രത്തിൽ അഭിനയിക്കുന്നതെന്ന് നിർമ്മാതാവ് വിജയ് ബാബു പറഞ്ഞു. വിഷ്ണു പണിക്കർ ഛായാഗ്രഹണവും അയൂബ് ഖാൻ എഡിറ്റിംഗും നിർവഹിക്കുന്നു.

കങ്കണ എന്റെ സുഹൃത്തായിരുന്നു, പക്ഷെ ഈ പുതിയ കങ്കണയെ എനിക്കറിയില്ല: അനുരാഗ് കശ്യപ്

ബോളിവുഡിലെ നെപ്റ്റോട്ടിസത്തിനെതിരായ പ്രസ്താവനകൾക്ക് പിന്നാലെ നടിമാർക്കെതിരേയും തുറന്നടിച്ച് വിവാദങ്ങളിൽ നിറയുകയാണ് കങ്കണ റണൗത്ത്. നേരത്തെ നടിമാരായ താപ്സി പന്നു, സ്വര ഭാസ്കർ, റിച്ച ഛദ്ദ എന്നിവർക്കെതിരെ താരം മോശം പരാമർശം നടത്തിയിരുന്നു. ബി ഗ്രേഡ് നടിമാരെന്നായിരുന്നു ഇവരെ കങ്കണ വിശേഷിപ്പിച്ചത്. പിന്നാലെ താരങ്ങൾ കങ്കണയ്ക്കെതിരെ രംഗത്ത് വരികയും ചെയ്തിരുന്നു. ഇപ്പോഴിതാ വിവാദങ്ങളിൽ പ്രതികരണവുമായി അനുരാഗ് കശ്യപ് രംഗത്ത് എത്തിയിരിക്കുകയാണ്. കങ്കണയെ ചിലർ ഉപയോഗിക്കുകയാണെന്ന് അനുരാഗ് പറയുന്നു. തനിക്ക് അറിയാമായിരുന്ന കങ്കണ നല്ല സുഹൃത്തായിരുന്നുവെന്നും ഇപ്പോഴത്തെ കങ്കണയെ തനിക്ക് അറിയില്ലെന്നും അനുരാഗ് പറയുന്നു. ടിറ്ററിലൂടെയായിരുന്നു അനുരാഗിന്റെ പ്രതികരണം. കങ്കണയുടെ പഴയൊരു

അഭിമുഖത്തിന്റെ വീഡിയോയും അനുരാഗ് പങ്കുവച്ചിട്ടുണ്ട്. മണികർണികയുടെ സമയത്തെ അഭിമുഖമാണ് അനുരാഗ് പങ്കുവച്ചത്. ചിത്രത്തിന്റെ ക്രെഡിറ്റ് മുഴുവൻ തനിക്കാണെന്നാണ് വീഡിയോയിൽ കങ്കണ പറയുന്നത്. പേടിപ്പെടുത്തതാണെന്നായിരുന്നു അതേക്കുറിച്ച് അനുരാഗ് പറഞ്ഞത്.

ഈ പുതിയ കങ്കണയ്ക്ക് എന്താണ് സംഭവിക്കുന്നതെന്നും അവർ എന്താണ് ചെയ്യുന്നതെന്നും അവരുടെ അടുത്ത കുടുംബാംഗങ്ങൾക്കോ സുഹൃത്തുക്കൾക്ക് പോലുമോ അറിയില്ല. യാഥാർഥ്യം എന്തെന്നാൽ ഇന്ന് അവൾക്ക് സ്വന്തമെന്ന് പറയാൻ ആരും ഇല്ല എന്നതാണ്, അനുരാഗ് കശ്യപ് പറഞ്ഞു. ഞാൻ ഇന്നലെ കങ്കണയുടെ അഭിമുഖം കണ്ടു. അവൾ ഒരു കാലത്ത് എന്റെ ഒരു നല്ല സുഹൃത്തായിരുന്നു. എന്റെ സിനിമകളെ അവർ പ്രോത്സാഹിപ്പിക്കാറുണ്ടായിരുന്നു. പക്ഷെ ഈ പുതിയ കങ്കണ എനിക്കറിയില്ല. മണികർണികയുടെ റിലീസിന് തൊട്ടുപിന്നാലെ വന്ന കങ്കണയുടെ ഈ ഭയപ്പെടുത്തുന്ന അഭിമുഖം ഞാൻ കണ്ടു. വിജയത്തിന്റെ ലഹരി എല്ലാവരേയും തുല്യമായി ബാധിക്കുമെന്നും എന്നാൽ എന്നിൽ നിന്ന് പഠിക്കൂ, എന്നെപ്പോലെയാകൂ എന്നൊന്നും പറയുന്ന കങ്കണയെ തനിക്ക് അറിയില്ലെന്നും 2015 ന് മുമ്പ് താൻ കങ്കണയിൽ നിന്ന് ഇതൊന്നും കേട്ടിട്ടില്ലെന്നും അനുരാഗ് കശ്യപ് പറയുന്നു. ആരും അവൾക്കൊപ്പം ജോലി ചെയ്യാൻ തയ്യാറാകുന്നില്ല. തന്റെ എല്ലാ സംവിധായകരെയും അപമാനിക്കുന്നയാൾ, എല്ലാ സഹതാരങ്ങളുടെയും വേഷങ്ങൾ വെട്ടിക്കുറയ്ക്കുന്നയാൾ. കങ്കണയെ അഭിനന്ദിക്കുന്ന അവളുടെ പഴയ സംവിധായകരിൽ ആരും തന്നെ ഇപ്പോൾ അവൾക്കൊപ്പം ജോലി ചെയ്യാൻ തയ്യാറാകുന്നില്ല. മറ്റുള്ളവരെ അടിച്ചമർത്താനുള്ള കരുത്താണ് കങ്കണ നേടിയിരിക്കുന്നത്- അനുരാഗ് പറയുന്നു.

പടന്നക്കാട് ലയൺസ് ക്ലബ്ബ് ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങിൽ നിന്ന്

വ്യാജവളം വിതരണം: വിജിലൻസ് അന്വേഷിക്കണം: കിസാൻ രക്ഷാസേന

കുമ്പള: കുമ്പള പഞ്ചായത്തിൽ ജനകീയ സൂത്രണ പദ്ധതി പ്രകാരം കർഷകർക്കു വിതരണം ചെയ്യുന്നത് വ്യാജ വളമാണെന്നു കിസാൻ രക്ഷാ സേന ജില്ലാ കൺവീനർ ഷുക്കൂർ കോണാജെ പ്രസ്താവനയിൽ അറിയിച്ചു.

ഇതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നേരത്തെ വിജിലൻസ് നടത്തിയ അന്വേഷണ റിപ്പോർട്ടിൽ കരിമ്പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടവരെ കൂട്ടുപിടിച്ചാണ് ഇപ്പോൾ വ്യാജവളം വിതരണം ചെയ്യുന്നതെന്നു കൂട്ടിച്ചേർത്തു.

ലയൺസ് – കാലഘട്ടത്തിന്റെ കരുതൽ: ടൈറ്റസ് തോമസ്

പടന്നക്കാട് ലയൺസ് ക്ലബ്ബ് ഭാരവാഹികളായ സാംജോസ് (പ്രസി.), അനിത സുരേഷ്(സെക്ര.), ബീന ജോയ്(ട്രഷ.)

കാഞ്ഞങ്ങാട്: ലയൺസ് ക്ലബ്ബ് കാലത്തിന്റെ കരുതലാണെന്നു ലയൺസ് ഡിസ്ട്രിക്റ്റ് കോർഡിനേറ്റർ ടൈറ്റസ് തോമസ് പറഞ്ഞു.

ക്ലബ്ബ് നടപ്പിലാക്കുന്ന പ്രത്യേക സേവന മേഖലകളായ ഓൺലൈൻ പഠനത്തിന് വിദ്യാർത്ഥികൾക്ക് സഹായകരമായ വിദ്യാമിത്ര പദ്ധതിയും, ഓട്ടിസം ബാധിച്ചവരെ സഹായിക്കുന്ന പരിപാടിയും. നടപ്പിലാക്കുന്നതിൽ പ്രാദേശികമായി ലയൺസ് ക്ലബ്ബുകൾ കൂടുതൽ ശ്രദ്ധ പുലർത്തണമെന്ന് പടന്നക്കാട് ലയൺസ് ക്ലബ്ബ് ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങിൽ അദ്ദേഹം അഭ്യർത്ഥിച്ചു. ക്ലബ് പ്രസിഡണ്ട് സുധാകരൻ ആധ്യക്ഷം വഹിച്ചു.

കെ. ഗോപി, എൻ. അനിൽകുമാർ, ജോയ് ജോസഫ് പ്രസംഗിക്കും. നിർധന വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിന് ആവശ്യമായ ടെലിവിഷൻ, വൃക്ഷത്തൈകൾ എന്നിവ വിതരണം ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മികച്ച സേവനമനുഷ്ഠിച്ച കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി യിലെ ഡോ: ശ്രീജിത്ത് കൃഷ്ണനെയും, ക്ലബ്ബ് അംഗം ഡോ. ദിലീപ് കുമാറിനെയും ആദരിച്ചു. ഡാന്റിസ് തോമസ് സ്വാഗത വും, അനിത സുരേഷ് നന്ദിയും പറഞ്ഞു.

ഭാരവാഹികളായി സാംജോസ് (പ്രസി.), കെ.പി.ടോമി, ടി. സത്യൻ, അരുൺ മാത്യു(വൈ.പ്രസി.), അനിത സുരേഷ്(സെക്ര.), മോളി റാഫി(ജോ. സെക്ര.), ബീന ജോയ്(ട്രഷ.) എന്നിവ തെരഞ്ഞെടുത്തു.

ഉദിനൂർ കുഞ്ഞിക്കൊവ്വലിൽ ഒരുക്കിയ വാതക ശ്മശാനം

ഉദിനൂരിൽ വാതക ശ്മശാനമൊരുങ്ങി

തൃക്കരിപ്പൂർ: ഉദിനൂർ കുഞ്ഞിക്കൊവ്വൽ ശ്മശാനത്തിൽ അത്യാധുനിക രീതിയിൽ പണിത വാതക ശ്മശാനം പ്രവർത്തന സജ്ജമായി. പടന്ന ഗ്രാമ പഞ്ചായത്തിലെ എട്ടാം വാർഡിൽ ഉദിനൂർ ഹയർസെക്കന്ററി സ്കൂൾ റോഡിലാണ് പൊതുശ്മശാനം സ്ഥിതി ചെയ്യുന്നത്.

ശുചിത്വ മിഷൻ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. ഒരുകോടി രൂപ ചെലവിൽ രണ്ടുഘട്ടങ്ങളിലായാണ് നിർമാണം പൂർത്തിയാക്കിയത്. കേരള സർക്കാർ സ്ഥാപനമായ സിൽക്കിനാണ് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള ചുമതല നൽകിയിരുന്നത്. ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന എസ്കോ എന്ന കമ്പനിയാണ് അടുപ്പുകൾ സ്ഥാപിച്ചിരിക്കുന്നത്. 30 മീറ്റർ ഉയരത്തിൽ പുകക്കുഴലുകളും സ്ഥാപിച്ചു.

ഒരേ സമയം 8 വാതക സിലിണ്ടറുകളിൽ നിന്നും അടുപ്പിലേക്ക് തീ പടരും. ഒരു മൃതദേഹത്തിന് ഏകദേശം ഒരു സിലിണ്ടർ ഗ്യാസ് ആവശ്യ മായി വരും. ഒന്നേകാൽ മണിക്കൂർ നേരം കൊണ്ട് സംസ്കാരം പൂർത്തിയാകും.പഞ്ചായത്തിനാണ് നടത്തിപ്പ് ചുമതല. ജില്ലയിൽ രണ്ടാമത്തെ പദ്ധതിയായാണ് ഇത് പ്രവർത്തനം ആരംഭിക്കുന്നത്.

കോവിഡ് കാലത്തെ ഓട്ടോ യാത്ര; നിയാസ് മാതൃക



മേൽപറമ്പ്: കോവിഡ് കാലത്തെ ഓട്ടോ സവാരിക്ക് നിയാസ് മഠത്തിന്റെ വ്യത്യസ്തമായ മാതൃക.

മേൽപറമ്പ് ഓട്ടോ സ്റ്റാന്റിലെ ഡ്രൈവറാണ് നിയാസ്. ചെന്ന ഉടനെ ഓട്ടോയിൽ കയറി സ്ഥലം പറയാനാണ് ഭാവമെങ്കിൽ അതു നടക്കില്ല. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഓട്ടോ യാത്രക്കാർക്കായി സുരക്ഷിത സജ്ജീകരണങ്ങളാണ് നിയാസ് തന്റെ ഓട്ടോയിൽ ഒരുക്കിയിട്ടുള്ളത്.

ഓട്ടോയിൽ കയറുന്നതിനു മുമ്പ് കൈകഴുകുന്നതിനു വെള്ളം സജ്ജമാക്കിയിട്ടുണ്ട്. കൈ കഴുകാനായി ടാങ്കും പൈപ്പും ഒപ്പമുണ്ട്. കൈകഴുകി കഴിഞ്ഞാൽ അടുത്ത ഘട്ടമായി; സാനിറ്റൈസർ തേച്ച് കൈ അണുവിമുക്തമായെന്ന് ഉറപ്പു വരുത്തിയ ശേഷമേ ഓട്ടോയിൽ കയറാൻ നിയാസ് സമ്മതിക്കൂ. നിയാസിന്റെ മാതൃക മറ്റെല്ലാ ഓട്ടോകളും പാലിച്ചാൽ എത്ര നല്ലതാകുമെന്നാണ് ഓട്ടോ യാത്രക്കാരും അഭിപ്രായപ്പെടുന്നത്. ഓട്ടോ ചാരിറ്റി ഗ്രൂപ്പിലെ പ്രവർത്തകനായ നിയാസ് പറയും: 'ആര് എന്തൊക്കെ പറഞ്ഞാലും ഇല്ലെങ്കിലും യാത്രക്കാരുടെ കാര്യത്തിൽ ഡ്രൈവർ എന്ന നിലയിൽ തനിക്ക് ഉത്തരവാദിത്തമുണ്ട്' എന്ന്.